5602
18/6/14

കേരള സർക്കാർ

നം.11811/എ.ആർ 14 (2)/14/ഉ.ഭ.പ.വ

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര
(എ.ആർ 14) വകുപ്പ്
തിരുവനന്തപുരം, തീയതി. 12.06.2014

## സർക്കുലർ

വിഷയം:- നൂറു ദിന കർമ്മപരിപാടി - 2014 മെയ് - ജൂൺ മാസങ്ങളിലെ തീവ്രയത്ന ഫയൽ അദാലത്തിന്റെ റിപ്പോർട്ട് ലഭ്യമാകാത്തത് - സംബന്ധിച്ച്.

സൂചന :- 1. 25/04/2014 ലെ സ.ഉ.(കൈ) 10/2014/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
2. 05/05/2014 ലെ സ.ഉ.(സാധാ) 197/2014/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.

സെക്രട്ടേറിയറ്റിലും സർക്കാർ വകുപ്പുകളിലും ജില്ലാ കളക്ടറേറ്റുകളിലും ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ഓഫീസുകളിലും തീർപ്പാക്കാതെ കിടക്കുന്ന 3 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ 100 ദിവസത്തിനകം തീരുമാനമെടുത്ത് തീർപ്പാക്കുന്നതിനായി 2014 മെയ്-ജൂൺ മാസങ്ങളിൽ പ്രത്യേക ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി മൂന്നു ഘട്ടങ്ങളിലായി നടത്തുവാൻ പരാമർശപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

സൂചന ഒന്നിലെ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം അദാലത്തുകൾ കൃത്യ സമയത്തിനുള്ളിൽ നടത്തി ഓരോ ഘട്ടങ്ങളിലുമുള്ള പുരോഗതി സംബന്ധിച്ച റിപ്പോർട്ട് നിർബന്ധമായും അന്തിമാവലോകനത്തിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.14) വകുപ്പിന് നൽകേണ്ടതാണെന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ ചില വകുപ്പുകൾ ഒന്നാം ഘട്ട ഫയൽ തീർപ്പാക്കൽ അദാലത്ത് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത് സർക്കാർ ഗൗരവമായി കാണുന്നു. ആയതിനാൽ പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കാത്ത എല്ലാ വകുപ്പുമേധാവികളും ജില്ലാകളക്ടർമാരും ഒരാഴ്ചയ്ക്കകം റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

ഇ.കെ. ഭരത് ഭൂഷൻ
ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും
എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർക്കും
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും
എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
എല്ലാ വകുപ്പു മേധാവികൾക്കും, ജില്ലാ കളക്ടർമാർക്കും.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്